**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6730** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് നൽകുന്ന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പഠന-പഠനേതര പ്രവർത്തനങ്ങൾക്കൊപ്പം സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പൊതുവിദ്യാഭ്യാസ വകുപ്പ് നൽകി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | പഠന-പഠനേതര പ്രവർത്തനങ്ങൾക്കൊപ്പം സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകം, യൂണിഫോം, ഉച്ചഭക്ഷണം എന്നിവ<br><br>സൗജന്യമായി നൽകിവരുന്നു. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ക്ലാസുകളിലുള്ള വിദ്യാർത്ഥികൾക്കാണ് സൗജന്യ പാഠപുസ്തകം നൽകിവരുന്നത്. സർക്കാർ സ്കൂളുകളിലെ ബി.പി.എൽ ആൺകുട്ടികൾക്കും, എസ്.സി/എസ്.ടി കുട്ടികൾക്കും, പെൺകുട്ടികൾക്കും എസ്.എസ്.എ വഴി സൗജന്യ യൂണിഫോം കൊടുക്കുന്നതിന് പുറമേ സർക്കാർ സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ക്ലാസുകളിലുള്ള എ.പി.എൽ ആൺകുട്ടികൾക്കും എയ്ഡഡ് സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കേരള സർക്കാർ യൂണിഫോം അലവൻസ് നൽകിവരുന്നു. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പ്രീപ്രൈമറി തലം മുതൽ എട്ടാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണം സൗജന്യമായി നൽകിവരുന്നുണ്ട്. |
| (ബി) | മധ്യവേനൽ സ്കൂൾ അവധിയ്ക്ക് മുമ്പുതന്നെ വിദ്യാർത്ഥികൾക്ക് സൗജന്യ പാഠപുസ്തകങ്ങളും യൂണിഫോമും അരിയും ഒരുമിച്ച് വിതരണം ചെയ്യുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | (ബി) | <u>സൗജന്യ പാഠപുസ്തകം, സൗജന്യയൂണിഫോം</u><br><br>2023-24 അധ്യയന വർഷത്തേക്ക് ആവശ്യമായ 4.9 കോടി പാഠപുസ്തകങ്ങളുടേയും അച്ചടി തുടങ്ങി അവയിൽ അച്ചടി പൂർത്തിയാക്കിയ ഒന്നാം വാല്യം പാഠപുസ്തകങ്ങൾ വിതരണത്തിനായി ജില്ലാഹബ്ബുകളിലെത്തിച്ച് കുടുംബശ്രീ മുഖേന സോർട്ടിംഗ് ആരംഭിച്ചിട്ടുണ്ട്. 2023മാർച്ച് 25 ന് ആലപ്പുഴ ലജനത്ത് മുഹമ്മദിയ ഹയർ സെക്കന്ററി സ്കൂളിൽ പാഠപുസ്തകങ്ങളുടെ സംസ്ഥാനതല വിതരണോദ്ഘാടനം നടത്തുന്നതും തുടർന്ന് മധ്യവേനലവധിക്ക് മുമ്പ് തന്നെ സ്കൂളുകളിൽ പാഠപുസ്തകങ്ങൾ എത്തിക്കുന്നതിനുള്ള സംവിധാനങ്ങളുമാണ് സ്വീകരിച്ചിട്ടുള്ളത്. മധ്യവേനൽ അവധിക്കാലം ആരംഭിക്കുന്നതിനു മുൻപ് തന്നെ |

| | | | |
|---|---|---|---|
| | | | അടുത്ത വർഷത്തെ (2023-24) സൗജന്യ കൈത്തറി യൂണിഫോം വിതരണ ഉദ്ഘാടനം 25.03.2023 തീയതിയിൽ എറണാകുളത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.<br><br><u>അരി വിതരണം</u><br><br>നടപ്പ് വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിച്ച അരിയിൽ നവംബർ മാസത്തെ വിതരണത്തിനു ശേഷം നീക്കിയിരിപ്പുള്ള 24723 മെട്രിക് ടൺ അരിയിൽ നിന്നും പദ്ധതിയുടെ ഗുണഭോക്താക്കളായ മുഴുവൻ സ്കൂൾ കുട്ടികൾക്കും 5 കിലോഗ്രാം വീതം അരി നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മധ്യവേനൽ അവധിക്കാലം ആരംഭിക്കുന്നതിനു മുൻപായി അരിയുടെ വിതരണം പൂർത്തിയാക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ സ്കൂളുകളിൽ പഠിക്കുന്ന എത്ര ലക്ഷം വിദ്യാർത്ഥികൾക്കാണ് പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുകയെന്നും അതിനായി ആകെ എത്ര തുക ചെലവ് വരുമെന്നും അറിയിക്കാമോ? | (സി) | <u>സൗജന്യ പാഠപുസ്തകം</u><br><br>2023-24 അധ്യയന വർഷം 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പ്രവേശനം നേടുന്ന കുട്ടികൾക്കാവശ്യമായ പാഠപുസ്തകങ്ങളാണ് മുൻകൂട്ടി വിതരണം നടത്തുന്നതിന്തീരുമാനിച്ചിട്ടുള്ളത്. 2022-23 അധ്യയന വർഷത്തെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായാണ് 2023-24 വർഷത്തേക്കുള്ള പാഠപുസ്തക അച്ചടി നടത്തിയിട്ടുള്ളത്. അടുത്ത അധ്യയന വർഷം പ്രവേശനം പൂർത്തിയായാൽ മാത്രമേ യഥാർത്ഥ കണക്ക് ലഭ്യമാകൂ. എന്നാൽ മുൻ വർഷത്തെ കണക്കുകൾ പ്രകാരം ഏകദേശം 28 ലക്ഷം കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. മുൻ വർഷത്തെ ചെലവുകൾ അനുസരിച്ച് പാഠപുസ്തക വിതരണവുമായി ബന്ധപ്പെട്ട് 109.39 കോടിയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്.<br><br><u>സൗജന്യ യൂണിഫോം</u><br><br>സംസ്ഥാനത്തെ സ്കൂളുകളിലുള്ള 9.5 ലക്ഷത്തോളം കുട്ടികൾക്ക് കൈത്തറി യൂണിഫോം ആനുകൂല്യങ്ങളും, ഏകദേശം 14 ലക്ഷത്തോളം കുട്ടികൾക്ക്യൂണിഫോം അലവൻസ് ഇനത്തിലും ലഭിക്കും(അടുത്ത അധ്യയന വർഷം പ്രവേശനം പൂർത്തിയാക്കിയാൽ മാത്രമേ യഥാർത്ഥ കണക്ക ലഭിക്കു). അതിനായി 140 കോടി ചെലവ് വരും. |

| | | | | |
|---|---|---|---|---|
| | | | | <u>അരി വിതരണം</u><br><br>28.74 ലക്ഷം വിദ്യാർത്ഥികൾക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. കടത്തുകൂലി ഇനത്തിര 71.86 ലക്ഷം രൂപയാണ് ചെലവ് വരുന്നത്. |

സെക്ഷൻ ഓഫീസർ